(ബി) ഭരണ സമിതിയിൽ ചിറക്കൽ കോവിലകം ദേവസ്വം ട്രസ്റ്റിയെക്കൂടി ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ;

(സി) ക്ഷേത്രകലാ അക്കാദമിക്ക് 2012-13 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 50 ലക്ഷം രൂപയും 2014-15 വർഷത്തിൽ പ്രഖ്യാപിച്ച 25 ലക്ഷം രൂപയും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇതു സംബന്ധിച്ച വിശദാംശം നൽകുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. മാടായിക്കാവിൽ സ്ഥാപിക്കുന്ന ക്ഷേത്രകലാ അക്കാദമിയുടെ ഭരണ സമിതിയിൽ ചിറക്കൽ കോവിലകം ദേവസ്വം ട്രസ്റ്റിയെക്കൂടി ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് നിവേദനം സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചുവരികയാണ്.

(സി) 2012-13, 2014-15 വർഷങ്ങളിൽ ബഡ്ജറ്റിൽ ടോക്കൺ തുക മാത്രമാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. മറ്റ് തുകകളൊന്നും ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ല. എങ്കിലും അടിയന്തരമായി ആവശ്യമായിവരുന്ന തുക ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും ലഭ്യമാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

അംഗപരിമിതരുടെ പുനർനിയമനം

135 (T3569) ശ്രീ. പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിക്കപ്പെട്ട എച്ച്.ആർ. ആന്റ് സി. ഇ.-യിൽ സേവനം അനുഷ്ഠിച്ച അംഗപരിമിതരിൽ എത്ര പേർക്കാണ് പുനർനിയമനം നൽകി യിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) രജനി എം. പി. എന്ന അംഗ പരിമിതയ്ക്ക് പുനർനിയമനം നൽകാൻ ഉത്തരവ് നൽകിയിട്ടുണ്ടോ ;

(സി) ഉത്തരവ് നൽകിയിട്ടും പ്രസ്തുത വ്യക്തിക്ക് ഇതുവരെ നിയമനം ലഭിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; നിയമനം ലഭിക്കുന്നതിന് കാലതാമസം വന്നതിനുള്ള കാരണം വ്യക്തമാക്കാമോ ; ഇക്കാര്യത്തിൽ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ ; ഇതു സംബന്ധിച്ച് മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ ഇവർ നൽകിയ പരാതിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ ?

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 5 പേർക്ക്.

(ബി&സി) ശ്രീമതി രജനി എം. പി.-ക്ക് പുനർനിയമനം നൽകുന്നതിന് സാമൂഹ്യനീതി വകുപ്പ് സ.ഉ.(എംഎസ്.) നമ്പർ 82/14/സാ.നീ.വ. തീയതി 8-10-2014 നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സാമൂഹ്യനീതി വകുപ്പിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിയമനം നൽകുന്ന നടപടികൾ ദേവസ്വം വകുപ്പിൽനിന്നും സ്വീകരിച്ചിട്ടുള്ളതും അതിന്റെ ഭാഗമായി ഉദ്യോഗസ്ഥ ഭരണപരിഷ്കാരം, ധനകാര്യം തുടങ്ങിയ വകുപ്പുകളുടെ അഭിപ്രായം രേഖപ്പെടുത്തി ഫയൽ തിരികെ ലഭിച്ചിട്ടുള്ളതുമാണ്. ആയതിന്റെ അടിസ്ഥാനത്തിൽ നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ ശ്രീമതി രജനി നൽകിയ പരാതി ദേവസ്വം വകുപ്പിൽ ലഭിച്ചിട്ടില്ല.

തിരുവാഭരണപ്പാത

136 (3570) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവാഭരണപ്പാതയുമായി ബന്ധപ്പെട്ട് ദേവസ്വം ബോർഡിന് എത്ര ഏക്കർ സ്ഥലമാണ് ഉള്ളതെന്ന് വില്ലേജ് തിരിച്ച് വ്യക്തമാക്കാമോ ;

(ബി) ഇതിൽ ഏതൊക്കെ വില്ലേജുകളിലാണ് സ്ഥലം കയ്യേറ്റം നടന്നതെന്നും എത്ര ഭൂമി കയ്യേറിയെന്നും അറിയിക്കുമോ ;

(സി) കയ്യേറ്റം നടത്തിയ ഭൂമി പൂർണ്ണമായും തിരിച്ചുപിടിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഏതൊക്കെ വില്ലേജുകളിൽ എത്ര ഭൂമി ഇത്തരത്തിൽ ഒഴിപ്പിക്കാനുണ്ട് എന്ന് വില്ലേജ് തിരിച്ച് വ്യക്തമാക്കാമോ ;

(ഡി) കയ്യേറ്റം ഒഴിപ്പിക്കാൻ കാലതാമസം വരുന്നതിന് കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) പന്തളം മുതൽ ശബരിമലവരെ തിരുവാഭരണം കൊണ്ടുപോകുന്നതിന് 83 കിലോമീറ്റർ ദൂരമാണുള്ളത്. പന്തളം മുതൽ ളാഹവരെയുള്ള 43 കി.മീ. സ്ഥലം ജനവാസകേന്ദ്രമാണ്. ളാഹ മുതൽ ശബരിമല വരെ ബാക്കിയുള്ള സ്ഥലം വന്യസംരക്ഷണ മേഖലയുമാണ്. ഇതിൽ ദേവസ്വം ബോർഡ് വക സ്ഥലം എത്രയുണ്ടെന്ന് കൃത്യമായി കണക്കാക്കിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly